**കേരള സർക്കാർ**

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

## <u>പരിപത്രം</u>

നം.80/2019/ധന

തീയതി, തിരുവനന്തപുരം, 24.09.2019

വിഷയം :- വൈദികരും സന്യാസികളും സ്വത്തുവകകൾ ഇല്ലാത്തവരുമായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതരഹിത സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച

പരാമർശം :- 1. സർക്കുലർ നം.05/1983/ധന തീയതി09.02.1983.
2. സർക്കുലർ നം.77/2011/ധന തീയതി 2.11.2011.
3. സർക്കുലർ നം.64/2014/ധന തീയതി 21.06.2014.
4. സർക്കുലർ നം.90/2014/ധന തീയതി 21.06.2014.
5. സ.ഉ. (പി).നം 397/2015/ധന തീയതി 11.09.2015.

വിരമിച്ച സർക്കാർ ഉദ്യോഗസ്ഥന്റെ പേരിൽ ആഡിറ്റ് ക്ലിയർ ചെയ്യുവാൻ സാങ്കേതികമായി കാലതാമസമുണ്ടെങ്കിൽ, ആഡിറ്റിൽ ബാധ്യത കണ്ടെത്തുന്ന പക്ഷം ടി തുക തിരിച്ച് അടയ്ക്കുകയോ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിനു സമ്മതമാണെന്നോ കാണിച്ച് 200/-രൂപയുടെ മുദ്ര പത്രത്തിൽ ബോണ്ട് നൽകിയാൽ DCRG യിൽ കുറവൊന്നും വരുത്താതെ മുഴുവൻ തുകയും വിതരണം ചെയ്യാവുന്നതാണെന്ന് പരാമർശ സർക്കുലറുകളിലും ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്.

വൈദികർക്കും, സന്യാസികൾക്കും, സ്വത്ത് വകകൾ ഒന്നും ഇല്ലാത്ത ഉദ്യോഗസ്ഥർക്കും പരാമർശം 3 പ്രകാരമുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ബാധ്യതാരഹിത സാക്ഷ്യപത്രം നൽകാനാകില്ല. ആയതിനാൽ വൈദികർക്കും, സന്യാസികൾക്കും സ്വത്ത് വകകൾ ഒന്നും ഇല്ലാത്ത ഉദ്യോഗസ്ഥർക്കും ചുവടെ ചേർക്കുന്ന മാതൃകയിൽ ഒരു സമ്മതപത്രം 200/- രൂപ മുദ്ര പത്രത്തിൽ വാങ്ങിയതിനുശേഷം ബാധ്യതാരഹിത സാക്ഷ്യപത്രം നൽകാവുന്നതാണ്.

### <u>സമ്മതപത്രം</u>

എന്റെ സേവനകാലത്ത് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യത ആഡിറ്റിൽ കണ്ടെത്തുന്ന പക്ഷം ടി ബാദ്ധ്യത ഞാൻ തിരിച്ചടക്കുന്നതാണ്. അല്ലാത്തപക്ഷം പ്രസ്തുത ബാദ്ധ്യത എന്റെ പെൻഷൻ കുടിശ്ശികയിൽനിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽനിന്നോ ക്ഷാമാശ്വാസത്തിൽ നിന്നോ ഈടാക്കാവുന്നതാണെന്നും ഇങ്ങനെ ഈടാക്കിയ ശേഷവും ബാദ്ധ്യത അധികരിക്കുന്നപക്ഷം ടി ബാദ്ധ്യത എന്റെ പെൻഷനിൽ നിന്നും 25% ത്തിൽ അധികരിക്കാത്ത പ്രതിമാസ തവണകളായി ഈടാക്കാവുന്നതാണെന്നും ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

ഒപ്പ്

സ്ഥലം

പേര്

തീയതി

പെൻ /പി പി ഓ നമ്പർ:

ആധാർ നമ്പർ:

മേൽ വിലാസം

സാക്ഷികൾ (ഒപ്പ്, പേര്, പെൻ നംപർ, ഔദ്യോഗിക മേൽവിലാസം)

1. ........................................................

2. ........................................................

**കെ. രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

To

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും,
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് കമ്പനികളുടെയും/ബോർഡുകളുടെയും/കോർപ്പറേഷനുകളുടെയും / സ്വയം ഭരണ സ്ഥാപനങ്ങളുടെയും മാനേജിംഗ് ഡയറക്ടർമാർക്കും ജനറൽ മാനേജർമാർക്കും.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, ഐ&പി.ആർ.ഡി
(കേരള ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-1215875).

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**